# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ദീർഘകാല പങ്കാളിത്തമായി ക്വാഡ് തുടരുമെന്നും പരസ്പര വളർച്ചയ്ക്കായി ഇന്തോ-പസഫിക് രാജ്യങ്ങളുമായി സഹകരിക്കാൻ തയ്യാറെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ക്വാഡ് നേതൃതല ഉച്ചകോടിക്ക് 2025-ൽ ഇന്ത്യ ആതിഥേയത്വം വഹിക്കും.

   **Prime Minister Narendra Modi says, Quad is poised to remain a long-term partnership and ready to collaborate with Indo-Pacific nations for mutual growth. India to host Quad Summit in 2025.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും.

   **Tonight, Prime Minister Modi will address a gathering of the Indian Community in New York**

3. ശ്രീലങ്ക പ്രസിഡൻ്റ് തിരഞ്ഞെടുപ്പിൽ നാഷണൽ പീപ്പിൾസ് പവർ സ്ഥാനാർഥി അനുര കുമാര ദിസനായകെയ്ക്കു ജയം.

   **Anura Kumara Dissanayake of National People's Power declared victorious in Sri Lanka's Presidential Elections**

4. ഹംഗറിയിൽ നടക്കുന്ന ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യക്ക് സ്വർണം.

   **India wins gold in Chess Olympiad held in Hungary**

5. ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യക്ക് തകർപ്പൻ ജയം. ഐഎസ്എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ മത്സരം അൽപ്പസമയത്തിനകം.

**India beat Bangladesh in the first cricket test. Kerala Blasters vs East Bengal match in ISL Football is underway.**

**&&&&&&&&&&&&&&&&**

# HEADLINE 1

## QUAD SUMMIT - PM

പരസ്പര വളർച്ചയ്ക്കും സുസ്ഥിരതയ്ക്കുമായി ഇന്തോ-പസഫിക് മേഖലയിലെ രാജ്യങ്ങളുമായുള്ള ദീർഘകാല സഹകരണത്തിന് ക്വാഡ് സഖ്യം തയ്യാറാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രധാനമന്ത്രിയുടെ മൂന്നു ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന്റെ വിശദാംശങ്ങൾ പങ്കുവച്ച് ഇന്ന് നടത്തിയ വാർത്താസമ്മേളനത്തിൽ വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രിയാണ് ഇക്കാര്യം വ്യക്തമാക്കിയത്. ക്വാഡ് നേതാക്കളുടെ ഉച്ചകോടിയിൽ പങ്കെടുത്ത ശ്രീ മോദി, ഡെലവേയിൽ ജപ്പാൻ പ്രധാനമന്ത്രി ഫ്യുമിയോ കിഷിദയുമായും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസുമായും ഉഭയകക്ഷി ചർച്ചകൾ നടത്തി. ആഗോള വളർച്ചയ്ക്കും സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള ഇന്ത്യയുടെ കാഴ്ചപ്പാട് വ്യക്തമാക്കുന്നതിന് ഉച്ചകോടി വേദിയായെന്നും 2025ൽ ക്വാഡ് ഉച്ചകോടിക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കുമെന്നും വിദേശകാര്യ സെക്രട്ടറി അറിയിച്ചു. ഉച്ചകോടിക്ക് ആതിഥേയത്വം വഹിച്ചതിന് യുഎസ് പ്രസിഡന്റ് ജോ ബൈഡന് ശ്രീ മോദി നന്ദി അറിയിച്ചതായും ശ്രീ മിശ്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

## QUAD SUMMIT OUTCOMES

'ആഗോള നന്മയ്ക്കുള്ള ശക്തി'യായി ക്വാഡ് തുടരുമെന്ന് ആവർത്തിച്ച് അംഗ രാജ്യങ്ങൾ. ഇൻഡോ-പസഫിക് മേഖലയുടെയും ആഗോള സമൂഹത്തിന്റെയും വികസനത്തിനായി നിരവധി പദ്ധതികൾ ഉച്ചകോടിയിൽ പ്രഖ്യാപിച്ചു. ഇൻഡോ-പസഫിക് മേഖലയിൽ ക്യാൻസറിനെ ചെറുക്കുന്നതിനായുള്ള 'ക്വാഡ് ക്യാൻസർ മൂൺഷോട്ട്' പങ്കാളിത്തം, 'ഇൻഡോ-പസഫിക്കിലെ പരിശീലനത്തിനായുള്ള സമുദ്രസംരംഭം - മൈത്രി', തുറമുഖ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള 'ഭാവിപങ്കാളിത്തത്തിന്റെ ക്വാഡ് തുറമുഖങ്ങൾ' തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ, ക്വാഡ് വിൽമിങ്ടൺ പ്രഖ്യാപനം നേതാക്കൾ അംഗീകരിച്ചു.

&&&&&&&&&&&&&&&&

## PM - CANCER MOONSHOT

ഇൻഡോ-പസഫിക് രാജ്യങ്ങൾക്കായി ഇന്ത്യ 40 ദശലക്ഷം വാക്സിൻ ഡോസുകൾ സംഭാവന ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ക്വാഡ് ഉച്ചകോടിയുടെ ഭാഗമായി ക്യാൻസർ മൂൺഷോട്ട് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

## HEADLINE 2

## PM BIDEN MEETING-QUAD

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. യുഎസ് ആസ്ഥാനമായുള്ള പ്രമുഖ കമ്പനികളുടെ സിഇഒമാരുമായും അദ്ദേഹം സംവദിക്കും. നാളെ ന്യൂയോർക്കിൽ നടക്കുന്ന യു.എൻ പൊതുസഭയുടെ, ഉച്ചകോടിയേയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. പ്രധാനമന്ത്രി ഇന്നലെ യുഎസ് പ്രസിഡന്റ് ജോ ബൈഡനുമായി ഉഭയകക്ഷി ചർച്ച നടത്തി.

&&&&&&&&&&&&&&&&

## INDIA-IPEF AGREEMENTS

സംശുദ്ധ സമ്പദ്‌വ്യവസ്ഥ, ഇൻഡോ-പസഫിക് സാമ്പത്തിക ക്രമം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന കരാറുകളിൽ ഇന്ത്യ, അമേരിക്കയിലെ ഡെലവെയിൽ ഒപ്പുവച്ചു. ക്വാഡ് ഉച്ചകോടിക്കായി അമേരിക്കയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇൻഡോ-പസഫിക് സാമ്പത്തിക ചട്ടക്കൂടിന് കീഴിലാണ് കരാർ ഒപ്പിട്ടത്. സാങ്കേതിക സഹകരണം, തൊഴിൽ ശാക്തീകരണം, ശേഷി വർദ്ധിപ്പിക്കൽ, ഗവേഷണ സഹകരണം എന്നിവയിലെ പ്രോത്സാഹനം ലക്ഷ്യമിട്ടുള്ളതാണ് കരാർ.

&&&&&&&&&&&&&&&&

## PM US VISIT- RETURN OF ARTIFACTS

ഇന്ത്യയിൽ നിന്നും കടത്തിയ 297 പുരാവസ്തുക്കൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനത്തോടനുബന്ധിച്ച്, അമേരിക്ക ഇന്ത്യക്ക് തിരികെ നൽകി. ഇവ ഉടനെ ഇന്ത്യയിൽ എത്തിക്കും.

&&&&&&&&&&&&&&&&

## HEADLINE 3

## EVE-SRI LANKA - COUNTING

ശ്രീലങ്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഇടതു സ്ഥാനാർഥി അനുര കുമാര ദിസനായകെയ്ക്കു ജയം. രണ്ടാം റൗണ്ട് വോട്ടെണ്ണലിലാണ് ദിസനായകെ വിജയിച്ചത്. ആദ്യ റൗണ്ടിൽ ഒരു സ്ഥാനാർത്ഥിക്കും 50 ശതമാനം വോട്ട് നേടാൻ കഴിയാത്തതിനെ തുടർന്നാണ് വോട്ടെണ്ണൽ രണ്ടാം റൗണ്ടിലേക്ക് കടന്നത്.

&&&&&&&&&&&&&&&&

## HEADLINE 4

## CHESS OLYMPIAD

ഹംഗറിയിലെ ബുഡാപെസ്റ്റിൽ നടക്കുന്ന ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യക്ക് സ്വർണം. പുരുഷ വിഭാഗത്തിലാണ് ഇന്ത്യ സ്വർണം നേടിയത്. ഇതാദ്യമായാണ് ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യ കിരീടം നേടുന്നത്.

&&&&&&&&&&&&&&&&

## HEADLINE 5

## BANGLADESH-INDIA TEST- INTRO

ബംഗ്ലാദേശിനെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് 280 റൺസിന്റെ തകർപ്പൻ ജയം. ഇന്ത്യ ഉയർത്തിയ 515 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലാദേശ് രണ്ടാമിന്നിങ്സിൽ 234 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു.

**വിശദാംശങ്ങളിലേക്ക് ..........**

**(വോയിസ്)**

## BANGLADESH-INDIA TEST- VOICE

നാല് വിക്കറ്റ് നഷ്ടത്തിൽ 154 റൺസ് എന്ന നിലയിൽ നാലാം ദിനം ബാറ്റിങ് പുഃനരാരംഭിച്ച ബംഗ്ലാദേശിന് ആദ്യ സെഷനിൽത്തന്നെ ശേഷിക്കുന്ന ആറ് വിക്കറ്റും നഷ്ടമായി. ചെന്നൈയിൽ സ്വന്തം തട്ടകത്തിൽ നടന്ന കളിയിൽ ആറ് വിക്കറ്റു വീഴ്ത്തിയ ആർ അശ്വിനാണ് രണ്ടാമിന്നിങ്സിൽ ബംഗ്ലാദേശിനെ തകർത്തത്. കളിയിലെ താരവും അശ്വിനാണ്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഒന്നാമിന്നിങ്സിൽ 376 റൺസാണ് നേടിയത്. 113 റൺസ് നേടിയ അശ്വിൻ ബാറ്റിങ്ങിലും ഉജ്വല ഫോമിലായിരുന്നു. ആദ്യ ഇന്നിങ്സിൽ 149 റൺസിന് ബംഗ്ലാദേശ് പുറത്തായി. 227 റൺസിന്റെ ഒന്നാമിന്നിങ്സ് ലീഡ്

നേടിയ ഇന്ത്യ രണ്ടാമിന്നിങ്സിൽ 4 വിക്കറ്റ് നഷ്ടത്തിൽ 287 റൺസ് എന്ന നിലയിൽ ഇന്നിംഗ്സ് ഡിക്ലയർ ചെയ്യുകയായിരുന്നു. സെഞ്ചുറിയുമായി ഋഷഭ് പന്തും ശുബ്മൻ ഗില്ലുമാണ് രണ്ടാമിന്നിങ്സിൽ ഇന്ത്യയുടെ ആധിപത്യം ഉറപ്പിച്ചത്. ജയത്തോടെ ഇന്ത്യ പരമ്പരയിൽ 1-0 ന് മുന്നിലെത്തി. രണ്ടാം ടെസ്റ്റ് ഈ മാസം 27 ന് കാൺപുരിൽ ആരംഭിക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&

## SANGRAM-MMA WIN

ജോർജിയയിൽ നടക്കുന്ന ഗാമ ഇന്റർനാഷണൽ ഫൈറ്റിങ് ചാമ്പ്യൻഷിപ്പിൽ മിക്സഡ് മാർഷ്യൽ ആർട്സ് ഇനത്തിൽ വിജയിക്കുന്ന ആദ്യ ഇന്ത്യൻ പുരുഷ ഗുസ്തി താരം എന്ന നേട്ടം സംഗ്രാം സിങ്ങിന്. പാകിസ്ഥാൻ താരം അലി റാസ നാസിറിനെയാണ് സംഗ്രാം പരാജയപ്പെടുത്തിയത്. കോമൺവെൽത് ഹെവി വെയ്റ്റ് റെസ്റ്റലിങ് ചാംപ്യൻകൂടിയാണ് സംഗ്രാം.

&&&&&&&&&&&&&&&&

## HEADLINE 5(A)

## ISL

ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ പോരാട്ടം പുരോഗമിക്കുന്നു. കൊച്ചിയിലാണ് മത്സരം. ഈ സീസണിലെ ബ്ലാസ്റ്റേഴ്സിന്റെ രണ്ടാം മത്സരമാണിത്. പഞ്ചാബിനെതിരെ നടന്ന ആദ്യമത്സരത്തിൽ ബ്ലാസ്റ്റേഴ്സ് പരാജയപ്പെട്ടിരുന്നു.

&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ നാളെ വ്യാപക മഴയ്ക്ക് സാധ്യത. എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നാളെയും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മറ്റന്നാളും മഞ്ഞ ജാഗ്രതാ നിർദേശം പ്രഖ്യാപിച്ചു. കേരള – കർണ്ണാടക – ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റന്നാളും മത്സ്യബന്ധനം വിലക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## NHRC-CA PUNE DEATH

പുണെയിലെ സ്വകാര്യ കമ്പനിയിൽ ചാർട്ടേഡ് അക്കൗണ്ടന്റ് ആയിരുന്ന മലയാളി യുവതിയുടെ മരണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ് എടുത്തു. ജോലി ഭാരത്താലാണ് യുവതി മരിച്ചതെന്ന പരാതി ഗൗരവമേറിയതാണെന്നും കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## SIGN-LANGUAGE DAY

നാളെ അന്താരാഷ്ട്ര ആംഗ്യഭാഷാ ദിനം. ആംഗ്യഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായാണ് എല്ലാ വർഷവും സെപ്റ്റംബർ 23ന് ദിനാചരണം സംഘടിപ്പിക്കുന്നത്. കേന്ദ്രസർക്കാരിന് കീഴിലുള്ള ഇന്ത്യൻ ആംഗ്യഭാഷാ ഗവേഷണ പരിശീലന കേന്ദ്രം നാളെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&

## B. L VARMA -KKD

കേന്ദ്ര സാമൂഹിക നീതി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാർക്കായി കോഴിക്കോട് പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ വിവിധ പദ്ധതികൾ കേന്ദ്ര സഹമന്ത്രി ബി. എൽ. വർമ്മ ഉദ്ഘാടനം ചെയ്തു. അധ്യാപകർ, ജീവനക്കാർ എന്നിവരുമായി സംവദിച്ച അദ്ദേഹം ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങളും വിതരണം ചെയ്തു. സ്വച്ഛത ഹി സേവ' ക്യാമ്പയിന്റെ ഭാഗമായി 'ഏക് പേട് മാം കേ നാം' പരിപാടിയിലും കേന്ദ്രസഹമന്ത്രി പങ്കെടുത്തു.

&&&&&&&&&&&&&&&&

## PARLIAMENT-CONFERENCE

പത്താമത് കോമൺവെൽത് പാർലമെന്ററി അസോസിയേഷൻ CPAയുടെ ഇന്ത്യൻ മേഖലാതല സമ്മേളനത്തിന് നാളെ പാർലമെൻറിൽ തുടക്കമാകും. രണ്ടു ദിവസം നീളുന്ന സമ്മേളനത്തിന് CPA ഇന്ത്യൻ മേഖലാ അധ്യക്ഷൻ കൂടിയായ ലോക്സഭാ സ്പീക്കർ ഓം ബിർള നേതൃത്വം നൽകും.

&&&&&&&&&&&&&&&&

## FSSAI- BRAZIL

ഭക്ഷ്യസുരക്ഷയിലെ അന്താരാഷ്ട്രസഹകരണം മെച്ചപ്പെടുത്തതിന്റെ ഭാഗമായി, ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷ–ഗുണനിലവാര അതോറിറ്റി FSSAI ബ്രസീലിലെ കൃഷി മന്ത്രാലയവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. സംയുക്ത പദ്ധതികളിലൂടെയും സാങ്കേതിക സഹകരണത്തിലൂടെയും ഭക്ഷ്യസുരക്ഷ വർധിപ്പിക്കുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&

## REV WORLD FOOD INDIA

വേൾഡ് ഫുഡ് ഇന്ത്യ 2024 പരിപാടിക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സമാപനമായി. ഭക്ഷ്യ സംസ്കരണ മേഖലയിൽ സുപ്രധാന പങ്ക് വഹിക്കുന്ന നിലയിലേക്ക് ഇന്ത്യയെ എത്തിക്കുക ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. നാല് ദിവസം നീണ്ട പരിപാടിയിൽ 90 രാജ്യങ്ങളിലെ പ്രതിനിധികളും 26 സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും, 18 മന്ത്രാലയങ്ങളും വിവിധ സർക്കാർ സ്ഥാപനങ്ങളും പങ്കെടുത്തു.

&&&&&&&&&&&&&&&&

## GOYAL-INVEST OFFICE

ഇൻവെസ്റ്റ് ഇന്ത്യയുടെ പുതിയ ഓഫീസ് സിംഗപ്പൂരിൽ കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ ഉൽഘാടനം ചെയ്തു. ഇന്ത്യയിൽ നിക്ഷേപസാധ്യതകൾ തേടുന്ന പ്രാദേശിക സ്ഥാപനങ്ങൾക്ക് നടപടിക്രമങ്ങൾ സുഗമമാക്കുക എന്നതാണ് ഓഫീസിന്റെ ലക്ഷ്യം. ഇൻവെസ്റ്റ് ഇന്ത്യയുടെ ആദ്യ അന്തർദേശിയ ഓഫീസാണ് സിംഗപ്പൂരിലേത്.

&&&&&&&&&&&&&&&&

## BIHAR FLOOD

ബിഹാറിൽ കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കം രൂക്ഷമായി തുടരുന്നു. ഗംഗ ഉൾപ്പെടെയുള്ള നദികളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനെത്തുടർന്ന് 12 ജില്ലകളിലായി 10 ലക്ഷത്തിലധികം ജനങ്ങളെയാണ് വെള്ളപ്പൊക്കം ബാധിച്ചത്.

&&&&&&&&&&&&&&&&

&&&&&&&&&

&&&